"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്-ബേപ്പൂർ തുറമുഖത്തെ എം.ടി മിത്ര ടഗ്ഗിലെ പോർട്ട് സൈഡ് എഞ്ചിന്റെ എഞ്ചിൻ ഓയിലും ഡീസലും തമ്മിൽ കലരുന്ന തകരാർ പരിഹരിച്ച പ്രവർത്തി സാധൂകരിച്ച് - ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.75/2025/F&P തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/01/2025 തീയതിയിലെ HOKMB-TVM/1684/2024-D1(Tech) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ എം.ടി മിത്ര ടഗ്ഗിലെ പോർട്ട് സൈഡ് എഞ്ചിന്റെ എഞ്ചിൻ ഓയിലും ഡീസലും തമ്മിൽ കലരുന്നതായി കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിലേക്കായി ഇഞ്ചക്ടർ അഴിച്ച് വിശദ പരിശോധന നടത്തേണ്ടതുണ്ടെന്നതിനാലും ബേപ്പൂർ തുറമുഖത്തെ കാര്യാലയത്തിൽ ഡീസൽ മെക്കാനിക്ക് ഇല്ലാത്തതിനാലും ടഗ്ഗ് തുറമുഖത്തെ ഷിപ്പിംഗ് ജോലികൾക്ക് അത്യന്താപേക്ഷിതമായതിനാലും വിവിധ നിർമ്മാതാക്കളുടെ ഇത്തരം എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിൽ പ്രാഗത്ഭ്യം നേടിയ ഡീസൽ മെക്കാനിക്കുകളുള്ള M/s Taurus Engineering, Calicut എന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കി ഫ്യൂവൽ, ഇഞ്ചക്ടർ അസംബ്ലി അഴിച്ചെടുത്ത് കമ്മിൻസ് കമ്പനിയുടെ അംഗീകൃത സർവ്വീസ് ഏജൻസിയിലെത്തിച്ച് വിദഗ്ധ പരിശോധന നടത്തുകയും, പരിശോധനയ്ക്ക് ശേഷം 6 എണ്ണം ഫ്യുവൽ ഇഞ്ചക്ടർ അസംബ്ലി കാലിബ്രേറ്റ് ചെയ്ത് പ്രവർത്തനക്ഷമത ഉറപ്പ് വരുത്തി തിരികെ കൊണ്ട് വന്ന് പുതിയ ഒറിംഗുകൾ ലഭ്യമാക്കി എഞ്ചിനിൽ തിരികെ ഘടിപ്പിച്ച് എഞ്ചിൻ ഓയിൽ, ഓയിൽ ഫിൽറ്റർ എന്നിവ മാറ്റി എഞ്ചിൻ പ്രവർത്തനക്ഷമമാക്കുകയുണ്ടായി. ടി എഞ്ചിനിലെ തകരാർ പരിശോധിക്കുന്നതിനും, 6 എണ്ണം ഇഞ്ചക്ടറുകൾ എഞ്ചിനോ മറ്റ് യന്ത്രങ്ങൾക്കോ കേടുപാടുകൾ ഒന്നും വരുത്താതെ അഴിച്ചെടുക്കുന്നതിനും കമ്മിൻസ് അംഗീകൃത ഏജൻസിയെ കൊണ്ട് ഇവയുടെ വിദഗ്ധ പരിശോധന നടത്തി കാലിബ്രേറ്റ് ചെയ്യുന്നതിലേക്കുമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ M/s Taurus Engineering, Calicut എന്ന സ്ഥാപനത്തിന്റെ 28,893/-രൂപയുടെ ബിൽ കോഴിക്കോട് തുറമുഖ ഓഫീസർ സമർപ്പിയ്ക്കുകയും ആയതിനാൽ ബേപ്പൂർ തുറമുഖത്തെ എം.ടി മിത്ര ടഗ്ഗിലെ പോർട്ട് സൈഡ് എഞ്ചിന്റെ എഞ്ചിൻ ഓയിലും ഡീസലും തമ്മിൽ കലരുന്ന തകരാർ

പരിഹരിച്ച മേൽ പ്രവർത്തി സാധുകരിക്കുന്നതിനും ആയതിന്റെ ബിൽ തുക ഒടുക്കുന്നതിനാവശ്യമായ ഭരണാനുമതിയും ഫണ്ടും **5051-80-800-98- Augmentation of workshop and store organization 19 Machineries s and Equipments** " എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിയ്ക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്തെ എം.ടി മിത്ര ടഗ്ഗിലെ പോർട്ട് സൈഡ് എഞ്ചിന്റെ എഞ്ചിൻ ഓയിലും ഡീസലും തമ്മിൽ കലരുന്ന തകരാർ പരിഹരിച്ച പ്രവർത്തി സാധൂകരിച്ച് ആയതിന്റെ ബിൽ തുക ഒടുക്കുന്നതിനാവശ്യമായ **28,893/-** (ഇരുപത്തിഎട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി **5051-80-800-98- Augmentation of workshop and store organization -19 Machineries and Equipments**" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU V K**

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 29-01-2025 17:23:47

സെക്ഷൻ ഓഫീസർ